# അക്കാദമിക മാസ്റ്റർപ്ലാൻ

## ഒ.എൽ.സി.ജി.എൽ.പി.എസ് പള്ളുരുത്തി

## 2025-2026



# അക്കാദമിക മാസ്റ്റർപ്ലാൻ
# ഒ. എൽ. സി. ജി. എൽ. പി. എസ് പള്ളുരുത്തി
# 2025-2026

## ആമുഖം

പൊതു വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക, സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ / പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ആശയം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിക്കുന്നത്. 2024-25 അധ്യായന വർഷത്തിൽ ഒന്നാം തരത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. എഴുത്ത്, വായന മറ്റ് അക്കാദമിക നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും ജൈവ കൃഷിയിലും കുടുതൽ അവബോധം ഉണ്ടാക്കാൻ ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടിക്കും സാധ്യമാകുന്നു. പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ അസ്വാദ്യകരമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

കുട്ടികളുടെ അക്കാദമിക മികവ് ഉയർത്തുന്നതിനായി 'ഇംഗ്ലീഷ് ലേണിംഗ് ഫോർ ഇന്നോവേഷൻ, ട്രാൻസ്ഫോർമേഷൻ ആൻഡ് എംപവർമെന്റ്' (ഇ. എൽ. ഐ. ടി. ഇ) എന്ന പേരിൽ ഒരു തനതായ പ്രവർത്തനം (പ്രോജക്ക്) നടത്താൻ തീരുമാനിച്ചു. അക്ഷരബോധ്യത്തോടെയുള്ള വായനയും എഴുത്തുമാണ് പ്രോജക്ക്ട് ലക്ഷ്യം വയ്ക്കുന്നത്. ഇംഗ്ലീഷ് പാഠഭാഗങ്ങൾ വ്യക്തതയോടെ ഉപയോഗിക്കാനും അർഥങ്ങൾ മനസിലാക്കി സന്ദർഭങ്ങളിൽ പ്രയോഗിക്കാനും, അംഗീകൃത രീതിയിൽ (അക്ഷരങ്ങളുടെ വലുപ്പം, ഘടന, ആലേഖന ക്രമം) ഇംഗ്ലീഷ് അക്ഷരങ്ങൾ അഭ്യസിപ്പിക്കുകയും അവ ഉപയോഗിച്ചുള്ള വാക്കുകൾ കണ്ടെത്തി എഴുതുകയും ചെയ്യുന്നതാണ് പ്രവർത്തനം.

ഇതോടൊപ്പം തന്നെ 2024-2025 ഇൽ എടുത്ത 'വളരുന്ന അക്ഷരമരം' എന്ന പ്രോജക്റ്റും മുന്നോട്ടു കൊണ്ടുപോകാൻ തീരുമാനിച്ചു.

## മലയാളം

ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും ലളിതമായ ബാല സാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു നേടുമെന്ന് ഉറപ്പുവരുത്തുക.
- സ്വായത്തമായ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകൾ തയാറാക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു.
- കുട്ടികൾ സ്വയം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ട് അറിവ് നിർമ്മാണ പ്രക്രിയയിലൂടെ പഠനനേട്ടങ്ങൾ കൈവരിക്കുന്നു.
- ഭാഷ സംസാരിക്കാനും വായിക്കുവാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം/ താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

| **ക്ലാസ് - 1** | | **മലയാളം** | | | |
|---|---|---|---|---|---|
| **ക്രമ നമ്പർ** | **മേഖല** | **സമയം** | **പ്രവർത്തനം** | **ഭൗതീകം** | **പിന്തുണ** |
| 1 | ക്ലാസ് പിടിഎ | ജൂൺ | പാഠപുസ്തകം പരിചയപ്പെടുത്തലും പഠനരീതി വിശദീകരണവും | ക്ലാസ്സ്മുറി | അധ്യാപകർ രക്ഷിതാക്കൾ |
| 2 | വായനമൂല | ജൂൺ | കുട്ടികളുടെ | ക്ലാസ്സ്മുറി | അധ്യാപക |

| | | | | | |
|---|---|---|---|---|---|
| | ക്രമീകരിക്കൽ | | നിലവാരമുള്ള പുസ്തകങ്ങൾ ക്രമീകരിക്കുന്നു | | ർ കുട്ടികൾ |
| 3 | ചിത്രവായന | ജൂൺ-ജൂലൈ | ആശയ ഗ്രഹണ ചോദ്യങ്ങൾ ചോദിച്ചു ഉത്തരങ്ങൾ പറയിക്കുന്നു | ചിത്രങ്ങൾ | അധ്യാപകർ |
| 4 | ചിത്ര താരതമ്യം | | പാഠപുസ്തകത്തിലെയും സചിത്ര പുസ്തകത്തിലെയും ചിത്രങ്ങൾ താരതമ്യം ചെയ്തു സാമ്യവ്യത്യാസങ്ങൾ കണ്ടെത്തുന്നു | ചിത്രങ്ങൾ സചിത്ര പുസ്തകം | അധ്യാപകർ |
| 5 | ഗ്രാഫിക് റീഡിങ് | ജൂൺ | ചിത്രത്തിന്റെ സഹായത്തോടെ ഊഹിച്ചു പറയുന്നു | ചിത്രങ്ങൾ | അധ്യാപകർ |
| 6 | വായനോത്സവം | ജൂൺ - മാർച്ച് വരെ | അധ്യാപിക മാതൃക വായന നൽകുന്നു. രക്ഷിതാവും കുട്ടിയും ചേർന്നുള്ള വായന | കഥാപുസ്തകങ്ങൾ | അധ്യാപകർ രക്ഷിതാക്കൾ |
| 7 | താളാത്മക വായന | ജൂൺ-ജൂലൈ | അധ്യാപികയ്ക്കൊപ്പം വരികൾ താളത്തിൽ ചൊല്ലുന്നു | പാഠപുസ്തകം വരികൾ എഴുതിയ ചാർട്ടുകൾ | അധ്യാപകർ |
| 8 | ചങ്ങല വായന | ജൂൺ-ജൂലൈ | ഒരു കുട്ടി വായിച്ചതിന്റെ ബാക്കി ഭാഗം അടുത്ത കുട്ടി വായിക്കുന്ന രീതിയിൽ | ക്ലാസ്സ്മുറി പാഠപുസ്തകം | അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | | | വായന നടത്തുന്നു | | |
| 9 | വായുവിലെഴു ത്തു | ജൂൺ | ഊന്നൽ അക്ഷരങ്ങൾ വായുവിലെഴു തി ഉറപ്പിക്കുന്നു | ക്ലാസ്സ്മുറി | അധ്യാപക ർ |
| 10 | അക്ഷരം കണ്ടെത്തൽ | ജൂൺ- മാർ ച്ച് | രൂപീകരണ പാഠത്തിൽനിന്ന് നിർദിഷ്ട അക്ഷരങ്ങൾ കണ്ടെത്തുന്നു | ഊന്നൽ അക്ഷര ങ്ങൾ | അധ്യാപക ർ |
| 11 | വാക്കുകൾ കണ്ടെത്തൽ | ജൂൺ- മാർ ച്ച് | ആവർത്തിച്ചു വരുന്ന പദങ്ങൾ കണ്ടെത്തൽ | പാഠപുസ്ത കം | അധ്യാപക ർ |
| 12 | പൊരുത്തപ്പെടു ത്തി എഴുത്തു | ജൂൺ- മാർ ച്ച് | നേരത്തെ എഴുതിയ പദങ്ങളുമായ് പൊരുത്തപ്പെടു ത്തി എഴുതുന്നു | | അധ്യാപക ർ |
| 13 | പിന്തുണ എഴുത്തു | ജൂൺ- മാർ ച്ച് | സഹായം ആവശ്യമായ കുട്ടികൾക്ക് പിന്തുണ നൽകുന്നു | | അധ്യാപക ർ |
| 14 | വളരുന്ന അക്ഷര മരം (പ്രൊജക്റ്റ്) | ജൂൺ- മാർ ച്ച് | ഓരോ പാഠത്തിനോടനു ബന്ധിച്ചുള്ള ഊന്നൽ അക്ഷരങ്ങൾക്ക് പ്രാധാന്യം നൽകി കൊണ്ട് പദങ്ങൾ കണ്ടെത്തുന്നു, എഴുതുന്നു | പ്രൊജക്റ്റ് ബുക്ക് | അധ്യാപക ർ രക്ഷിതാ ക്കൾ |
| 15 | സംയുക്ത ഡയറി | ജൂ ലൈ | സ്വന്തം ആശയങ്ങളെ | ഡയറി | അധ്യാപക ർ |

| | | | | | |
|---|---|---|---|---|---|
| | | മുതൽ മാർച്ച് വരെ | ചിത്രങ്ങളുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ എഴുതുന്നു. | | രക്ഷിതാക്കൾ |

| ക്ലാസ് - 2 | | മലയാളം | | | |
|---|---|---|---|---|---|
| **ക്രമ നമ്പർ** | **മേഖല** | **സമയം** | **പ്രവർത്തനം** | **ഭൗതീകം** | **പിന്തുണ** |
| 1 | അടിസ്ഥാന ഭാഷാശേഷി വികസനം | ജൂൺ - ജൂലൈ | ഭാഷ കളരി കുട്ടികളിലും പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ | ക്ലാസ്സ്മുറി, കഥാപുസ്തകങ്ങൾ , ഐസിടി | അധ്യാപകർ, മാതാപിതാക്കൾ, ലൈബ്രറി |
| 2 | മലയാള മധുരം | ജൂൺ - മാർച്ച് | കുഞ്ഞുകഥകൾ ആസ്വദിച്ച് വായിക്കുവാനും ആശയങ്ങൾ പ്രകടിപ്പിക്കുവാനും അവസരം ഒരുക്കുന്നു. തുടർന്നുള്ള മാസങ്ങളിൽ വായനോത്സവം, കലോത്സവം, വായനാ ചങ്ങാത്തം എന്നിവ സംഘടിപ്പിക്കുന്നു. | ക്ലാസ്സ് മുറി, കഥ, കവിത, പുസ്തകങ്ങൾ, ഐ സി ടി | അധ്യാപകർ, മാതാപിതാക്കൾ, ലൈബ്രറി |
| 3 | സംയുക്ത ഡയറി | ജൂൺ - മാർച്ച് | ക്ലാസ് PTA യിൽ ഡയറി എഴുത്തിന്റെ മാതൃക പരിചയപ്പെടു | ക്ലാസ്സ്മുറി | അധ്യാപകർ മാതാപിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | | ത്തുന്നു.<br>ജൂൺ മുതൽ ആരംഭിക്കുന്നു.<br>ടീച്ചർ പരിശോദിച്ചു വിലയിരുത്തുന്നു.<br>കൗതുകമുള്ള കുറിപ്പുകൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. | | |
| 4 | പാട്ടരങ്ങ് | ജൂൺ - മാർച്ച് | പാഠഭാഗത്തിലെ കവിതകൾക്കൊപ്പം സമാന കവിതകൾ കണ്ടെത്തി ഈണത്തിലും ഭാവത്തിലും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | ക്ലാസ്സ്മുറി<br>കവിത പുസ്തകങ്ങൾ<br>ഐസിടി<br>പാഠപുസ്തകം | അധ്യാപിക<br>രക്ഷിതാക്കൾ<br>ലൈബ്രറി |
| 5 | സചിത്ര പുസ്തകം | ജൂൺ - മാർച്ച് | പാഠഭാഗത്തിലെ ആശയങ്ങൾ ഉൾകൊള്ളുന്ന സചിത്ര പുസ്തകത്തിലെ പ്രവർത്തനങ്ങൾ ക്ലാസ്സിൽ സംഘമായും വ്യക്തിഗതമായും ചെയുന്നു. | ക്ലാസ്സ്മുറി<br>പാഠപുസ്തകം<br>സചിത്ര പുസ്തകം<br>ഐസിടി<br>ചാർട്ട് | അധ്യാപിക<br>രക്ഷിതാക്കൾ |
| 6 | റീഡേഴ്‌സ് തിയേറ്റർ | ജൂലൈ- മാർച്ച് | ഏകദിന റീഡേഴ്‌സ് തിയേറ്റർ ശില്പശാല അവതരിപ്പിക്കുന്നു.<br>പാഠഭാഗങ്ങൾ | ക്ലാസ്സ്മുറി<br>സ്കൂൾ ആഡിറ്റോറിയം<br>ഐസിടി | അധ്യാപകർ<br>മാതാപിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | | തിരഞ്ഞെടുത്ത ലഘു ബാല സാഹിത്യ കൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം വഴി അവതരിപ്പിക്കുന്നു. | | |
| 7 | ക്ലാസ് പത്രം | ഓഗസ്റ്റ് - മാർച്ച് | ഒരു പത്രത്തിന്റെ ഘടന മനസിലാക്കി കൃത്യതയോടെ ചെറു വാക്യങ്ങളിലൂടെ വാർത്തകൾ രൂപപ്പെടുത്തുവാൻ അവസരം നൽകുന്നു | ക്ലാസ്സ്മുറി പത്ര വാർത്ത കട്ടിങ്ങുകൾ ചാർട്ട് ഐസിടി | അധ്യാപകർ മാതാപിതാക്കൾ ലൈബ്രറി |
| 8 | ഭാഷോത്സവം | ജനുവരി | ആത്മ വിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം നൽകുന്നു. സ്വതന്ത്ര രചനയ്ക്ക് സാധ്യത ഒരുക്കുന്നു. | ക്ലാസ്സ്മുറി പാഠപുസ്തകം ലൈബ്രറി പുസ്തകങ്ങൾ | അധ്യാപകർ മാതാപിതാക്കൾ ലൈബ്രറി |
| 9 | ക്ലാസ് ലൈബ്രറി | ജൂൺ - മാർച്ച് | ക്ലാസ് റൂമിൽ സജ്ജീകരിച്ചിരിക്കുന്ന പുസ്തകങ്ങൾ വായിക്കുവാനും ആശയം പങ്കുവയ്ക്കുവാനും അവസരം നൽകുന്നു. | ക്ലാസ് മുറി | അധ്യാപകർ ലൈബ്രറി |
| 10 | അക്ഷര മരം | ജൂൺ - | എല്ലാ | ക്ലാസ്സ്മുറി | അധ്യാപക |

| | | | | | |
|---|---|---|---|---|---|
| | പ്രൊജക്റ്റ് | മാർച്ച് | കുട്ടികൾക്കും അക്ഷരങ്ങൾ ഹൃദിസ്ഥമാക്കുന്നതിനും ലഘു വാക്കുകളും വാക്യങ്ങളും സ്വയം നിർമിക്കാൻ അവസരം നൽകുന്നു. | പാഠപുസ്തകം സചിത്ര പുസ്തകം മലയാള തിളക്കം നോട്ട് ബുക്ക് ഐസിടി | ർ മാതാപിതാക്കൾ |

| **ക്ലാസ് - 3** | | **മലയാളം** | | | |
|---|---|---|---|---|---|
| **ക്രമ നമ്പർ** | **മേഖല** | **സമയം** | **പ്രവർത്തനങ്ങൾ** | **ഭൗതീകം** | **പിന്തുണ** |

| | | | | | |
|---|---|---|---|---|---|
| 1 | ഭാഷാശേഷി വികസനം | ജൂൺ-മാർച്ച് | അക്ഷരജ്ഞാനം ഉറപ്പിക്കുന്നു. പഴഞ്ചൊല്ലുകൾ ശേഖരണം. നാടൻ പാട്ടുകൾ ശേഖരണം. കഥ കളരി നാടൻ പാട്ടിലേയും കവിതയിലേയും താളം. (കവിത ചൊല്ലൽ ശില്പശാല) കടങ്കഥ ശേഖരം കടങ്കഥ പയറ്റ് കലാകാരനെ പരിചയപ്പെടൽ (അഭിമുഖ സംഭാഷണം). കലാരൂപങ്ങൾ, വേഷവിധാനം, ചിത്രശേഖരണം ആൽബം. പാവനാടകം റീഡേഴ്സ് തിയേറ്റർ | ക്ലാസ്സ്മുറി കവിത പുസ്തകങ്ങ ൾ ഐസിടി പാഠപുസ്ത കം | അധ്യാപ കർ മാതാപി താക്കൾ എസ് ആർ ജി |
| 2 | അക്ഷരമരം പ്രൊജക്റ്റ് | ജൂൺ-മാർച്ച് | എല്ലാ കുട്ടികളിലും അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിച്ചു തെറ്റില്ലാതെ എഴുതുകയും വായിക്കുകയും ചെയ്യൽ. | ക്ലാസ്സ്മുറി കവിത പുസ്തകങ്ങ ൾ ഐസിടി പാഠപുസ്ത കം | അധ്യാപ കർ മാതാപി താക്കൾ എസ് ആർ ജി |
| 3 | സർഗാത്മക ഡയറി | ജൂലൈ-മാർച്ച് | ക്ലാസ് പിറ്റിഎ യിൽ ഡയറി എഴുതുന്നതിന്റെ പ്രാധാന്യം ചൂണ്ടി കാട്ടുകയും മാതൃക പ്രദർശിപ്പിച്ചു | ക്ലാസ് അസംബ്ലി | അധ്യാപ കർ മാതാപി താക്കൾ എസ് ആർ ജി |

| | | | | | |
|---|---|---|---|---|---|
| | | | കുട്ടികളെ കൊണ്ട് എഴുതിക്കുന്നു. മികച്ചത് അസ്സെംബ്ലിയിൽ അവതരിപ്പിക്കുന്നു, | | |
| 4 | റീഡേഴ്സ് തിയേറ്റർ | ജൂലൈ | ഭാഷാവ്യവഹാര രൂപങ്ങൾ കുട്ടികൾ സംഘമാണ് വ്യക്തിഗതമായും അവതരിപ്പിക്കുന്നു. | ക്ലാസ്സ്മുറി | അധ്യാപകർ മാതാപിതാക്കൾ എസ് ആർ ജി |
| 5 | ലൈബ്രറി | ജൂൺ-മാർച്ച് | കുട്ടികൾ തയ്യാറാക്കിയ രചനകൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കുന്നു. | ക്ലാസ്സ്മുറി അധ്യാപിക | അധ്യാപകർ മാതാപിതാക്കൾ എസ് ആർ ജി |
| 6 | മികച്ച പുസ്തകം | ഓഗസ്റ്റ്-സെപ്റ്റംബർ | നാടകശില്പശാല റോൾപ്ലേയ് ആഹാരവുമായി ബന്ധപ്പെട്ടു പാട്ടു പലഹാരമേള നാടോടിക്കഥകളുടെ അവതരണം നാടൻ പാട്ടുകളുടെ അവതരണം പാവനാടകം | ക്ലാസ്സ്മുറി അസംബ്ലി | അധ്യാപകർ മാതാപിതാക്കൾ എസ് ആർ ജി |
| 7 | ക്രിയാത്മക രചന | | ഷോർട് ഫിലിം പ്രദർശിപ്പിക്കുന്നു കുറിപ്പ് തയ്യാറാക്കുന്നു | ക്ലാസ്സ്മുറി കവിത പുസ്തകങ്ങൾ ഐസിടി പാഠപുസ്തകം | അധ്യാപകർ മാതാപിതാക്കൾ എസ് ആർ ജി |
| 8 | അക്ഷരജ്ഞാനം | | ന്യൂസ്പേപ്പറിൽ നിന്നും | ക്ലാസ്സ്മുറി അസംബ്ലി | അധ്യാപകർ |

| | | | | | |
|---|---|---|---|---|---|
| | ഉറപ്പിക്കൽ | | നിർദേശിക്കപ്പെട്ട അക്ഷരങ്ങളും ചിഹനങ്ങളും ഉപയോഗിച്ച് വരുന്ന വാക്കുകൾ കണ്ടെത്തി വട്ടം വരയ്ക്കുവാനാവശ്യപെടുന്നു. മലയാള തിളക്കം എല്ലാ ദിവസവും<br><br>വായിക്കാൻ ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് പഠന പിന്തുണ<br><br>അധ്യാപികയോടൊപ്പം സഹപഠിതാക്കളും<br><br>ബ്ലാക്ക് ബോർഡിൽ എഴുതുന്ന സമയത്തു അധ്യാപിക ഓരോ അക്ഷരവും ഉറക്കെ പറയുന്നു | പുസ്തകങ്ങൾ ഐസിടി പാഠപുസ്തകം | മാതാപിതാക്കൾ എസ് ആർ ജി |
| 9 | ഭാഷാശേഷി വികസനം | സെപ്റ്റംബർ - മാർച്ച് | റോൾ പ്ലേ കവിത കത്ത് തയ്യാറാക്കൽ സംവാദം നിഘണ്ടു നോക്കി വാക്കുകളുടെ അർഥം കണ്ടെത്തൽ ആശംസ വാക്യങ്ങൾ എഴുതൽ പോസ്റ്റർ തയ്യാറാക്കൽ കവിതയെ | പുസ്തകങ്ങൾ ഐസിടി പാഠപുസ്തകം | അധ്യാപകർ മാതാപിതാക്കൾ എസ് ആർ ജി |

| | | | | | |
|---|---|---|---|---|---|
| | | | ചിത്രീകരിക്കൽ<br>സംഭാഷണം<br>തയ്യാറാക്കൽ<br>ചിത്രം<br>നിരീക്ഷിച്ചു<br>കുറിപ്പ്<br>തയ്യാറാക്കൽ | | |

| **ക്ലാസ് - 4** | | **മലയാളം** | | | |
|---|---|---|---|---|---|
| **ക്രമ നമ്പർ** | **മേഖല** | **സമയം** | **പ്രവർത്തനം** | **ഭൗതീകം** | **പിന്തുണ** |
| 1 | അക്ഷരങ്ങൾ ചിഹ്നങ്ങൾ ഉറപ്പിക്കൽ | വർഷം മുഴുവൻ | പ്രീ ടെസ്റ്റ്, ഭാഷ കേളി, ചിത്രങ്ങൾ കണ്ടു പേരെഴുതുന്നു ശരിയായ വാക്ക് എടുത്തു എഴുതുന്നു. ചിഹ്നങ്ങൾ ചേർക്കുന്നു ടി.ബി യിൽ നിന്ന് ചില്ലക്ഷരങ്ങൾ ചേർന്ന് വരുന്ന വാക്കുകൾ കണ്ടെത്തുന്നു | ക്ലാസ്സ്മുറി കവിത പുസ്തകങ്ങൾ ഐസിടി പാഠപുസ്തകം | അധ്യാപകർ, മാതാപിതാക്കൾ, ലൈബ്രറി |
| 2 | വായന ഉറപ്പിക്കൽ | വർഷം മുഴുവൻ | എഴുതിയ വാക്കുകൾ വായിക്കുന്നു വായനപ്പുര | ക്ലാസ്സ്മുറി കവിത പുസ്തകങ്ങൾ ഐസിടി പാഠപുസ്തകം | അധ്യാപകർ, മാതാപിതാക്കൾ, ലൈബ്രറി |
| 3 | അക്ഷര സ്ഫുടതയോടെയും | വർഷം മുഴുവൻ | വായനക്കാർഡുകൾ നൽകുന്നു കഥകൾ, | ക്ലാസ്സ്മുറി കവിത പുസ്തകങ്ങ | അധ്യാപകർ, മാതാപി |

| | | | | | |
|---|---|---|---|---|---|
| | ഒഴുക്കോടെയും ആശയ വ്യക്തഥായോടെയും ഉള്ള വായന | | കവിതകൾ വായിക്കുന്നു | ൾ ഐസിടി പാഠപുസ്തകം | താക്കൾ, ലൈബ്രറി |
| 4 | ഭാവാത്മക വായന | വർഷം മുഴുവൻ | കഥകൾ, ഒഴുക്കോടെയും ഭാവാത്മകതയോടെയും വായിക്കുന്നു റീഡേഴ്സ് തീയേറ്റർ വ്യക്തിഗത വായന കൂട്ടായ വായന ചിത്ര വായന കവിത അവതരണം നിർത്തി നിർത്തി വായന | ക്ലാസ്സ്മുറി കവിത പുസ്തകങ്ങൾ ഐസിടി പാഠപുസ്തകം | അധ്യാപകർ, മാതാപിതാക്കൾ, ലൈബ്രറി |
| 5 | എഴുത്തു പരിപോഷിപ്പിക്കൽ | വർഷം മുഴുവൻ | പാഠഭാഗങ്ങളിൽ നിന്നും ലഭിക്കുന്ന വ്യവഹാര രൂപങ്ങൾ വ്യക്തതയോടെ എഴുതുന്നു വാക്യ മാതൃകകൾ പ്രയോഗിക്കുന്നു | ക്ലാസ്സ്മുറി കവിത പുസ്തകങ്ങൾ ഐസിടി പാഠപുസ്തകം | അധ്യാപകർ, മാതാപിതാക്കൾ, ലൈബ്രറി |
| 6 | രചന, പരിചയകുറിപ്പുകൾ തയ്യാറാക്കൽ | വർഷം മുഴുവൻ | സംഭാഷണം തയ്യാറാക്കൽ വരികൾ കൂട്ടിച്ചേർക്കൽ പാവനാടകം സ്വതന്ത്ര രചന | ക്ലാസ്സ്മുറി കവിത പുസ്തകങ്ങൾ ഐസിടി പാഠപുസ്തകം | അധ്യാപകർ, മാതാപിതാക്കൾ, ലൈബ്രറി |

| | | | | | |
|---|---|---|---|---|---|
| 7 | സാഹിത്യകാരന്മാരുടെ ജന്മദിനാചരണം | വർഷം മുഴുവൻ | വീഡിയോ പ്രദർശനം<br>പുസ്തക പരിചയം<br>ക്വിസ്<br>ജീവചരിത്രക്കുറിപ്പ് | ക്ലാസ്സ്മുറി<br>കവിത പുസ്തകങ്ങൾ<br>ഐസിടി<br>പാഠപുസ്തകം | അധ്യാപകർ, മാതാപിതാക്കൾ, ലൈബ്രറി |
| 8 | ഭാഷ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കുന്നു | വർഷം മുഴുവൻ | കവിത അവതരണം<br>ഭാവാത്മക വായന<br>റോൾ പ്ലേ<br>ഡയറി<br>ജീവചരിത്രക്കുറിപ്പ് | ക്ലാസ്സ്മുറി<br>കവിത പുസ്തകങ്ങൾ<br>ഐസിടി<br>പാഠപുസ്തകം | അധ്യാപകർ, മാതാപിതാക്കൾ, ലൈബ്രറി |

## ENGLISH

Goals

- Listen and comprehend the instructions of the teachers and respond accordingly
- Listen to narratives
- Reads conversations, songs and simple descriptions graphically
- Identify the letters with their sounds
- Describes familiar objects orally
- Constructs dialogues related to specific contexts using fragmentary expressions or mixed with the mother tongue
- Improves Vocabulary and Grammar

| **Class - 1** | | **English** | | | |
|---|---|---|---|---|---|
| **SL.No** | **Area** | **Duration** | **Activities** | **Context** | **Responsibility** |
| 1 | Listening Skills | June - March | Listening to narratives, simple stories, | Classroom, Assembly | Teachers and Parents |

| | | | | | |
|---|---|---|---|---|---|
| | | | instructions and respond to teacher talk | | |
| 2 | Speaking Skills | June - March | Story telling, conversations, describing familiar objects, riddles, role play, songs , rhyming words | Classroom, Assembly | Teachers and Parents |
| 3 | Reading Skills | June - March | Finding words from reading materials, picture reading, chain reading | Classroom, Assembly | Teachers and Parents |
| 4 | Writing Skills | June - March | Making word webs, growing sentences, picture description | Classroom, Assembly | Teachers and Parents |

| **Class - 2** | | **English** | | | |
|---|---|---|---|---|---|
| **SL.No** | **Area** | **Duration** | **Activities** | **Context** | **Responsibility** |
| 1 | To speak, read and write English | June - July | Pre Test, Cursive Writing , Simple Grammar, Seeking permission, "Wh" question forms | English fest, Radio, Padanolsavam, Sargavela , Class PTA | SRG |
| 2 | Speaking Skills | June - March | Story telling, Action songs, Conversation, Skits, Self introduction, Describing things, pictures and events in simple sentences, | English fest, Radio, Padanolsavam, Sargavela , Class PTA | SRG, PTA |

| | | | | | |
|---|---|---|---|---|---|
| | | | Assembly activities, Radio programme, riddles | | |
| 3 | Reading Skills | June - March | Newspaper reading , library setting, library book reading , writing and reading, Collection of rhyming words, tense, Chain reading, End letter word game, Reading short stories | English fest, Radio, Padanolsavam, Sargavela , Class PTA | SRG, PTA |
| 4 | Writing Skills | June - March | Growing sentences, Riddles making, Word web, picture description, word chain, sentence chain | English fest, Radio, Padanolsavam, Sargavela , Class PTA | SRG, PTA |
| 5 | E.L.I.T.E Project (English Learning Innovative, Transformation and Empowerment) | June - March | Self Introduction, Describing family members, Draw and describe pets and other personal belongings, Craft and talk, word bingo - Play Bingo, Story time with comprehensive questions, Follow the instructions game, Daily speaking circle , My mini book | English fest, Radio, Padanolsavam, Sargavela , Class PTA | SRG, PTA |

| Class - 3 | | English | | | |
|---|---|---|---|---|---|
| SL.No | Area | Duration | Activities | Context | Responsibility |
| 1 | Describe the picture | June - August | Picture reading, Group discussion, forming sentences, Slow learners given opportunities to express using simple speaking skills | English fest, Radio, Padanolsavam, Sargavela , Class PTA, Classroom, English Club | Teachers, Parents, SRG, PTA |
| 2 | Arrange the words in Alphabetical order | July - March | Introduces dictionary, teaching new words daily, Arrange words in Alphabetical order | English fest, Radio, Padanolsavam, Sargavela , Class PTA, Classroom, English Club | Teachers, Parents, SRG, PTA |
| 3 | Add more exchanges to the conversation relevant to the context | July - March | Reading conversations, Roleplay, Adding more lines to the conversation | English fest, Radio, Padanolsavam, Sargavela , Class PTA, Classroom, English Club | Teachers, Parents, SRG, PTA |
| 4 | Identifies rhyming words from the poem | July - September | Plays the audio of the song, lets the learner sing after the audio, discussion, identifies rhyming words | English fest, Radio, Padanolsavam, Sargavela , Class PTA, Classroom, English Club | Teachers, Parents, SRG, PTA |
| 5 | Adding lines to the poem by | July - Decembe | Plays the audio, lets the learner | English fest, Radio, | Teachers, Parents, SRG, |

| | | | | | |
|---|---|---|---|---|---|
| | following a set pattern | r | sing after the audio, Add lines to the poem | Padanolsavam, Sargavela , Class PTA, Classroom, English Club | PTA |
| 6 | Rads and understands the given stories and poems | December - March | Provides opportunities to read simple stories, Arrange them in order | English fest, Radio, Padanolsavam, Sargavela , Class PTA, Classroom, English Club | Teachers, Parents, SRG, PTA |
| 7 | Make simple riddles | August - March | Give opportunity to hear and answer simple riddles. Make simple riddles | English fest, Radio, Padanolsavam, Sargavela , Class PTA, Classroom, English Club | Teachers, Parents, SRG, PTA |
| 8 | Diary Writing | July - March | Write sentences using simple Engish | English fest, Radio, Padanolsavam, Sargavela , Class PTA, Classroom, English Club | Teachers, Parents, SRG, PTA |

| **Class - 4** | | **English** | | | |
|---|---|---|---|---|---|
| **SL.No** | **Area** | **Duration** | **Activities** | **Context** | **Responsibility** |
| 1 | To improve the ability to read, speak and write English effectively. | June - July | Pretest, Cursive writing, Simple grammar, r"Wh' questions, Questions words, | English Assembly, Radio | SRG, Subject council, class teacher |

| | | | | | |
|---|---|---|---|---|---|
| | | | Seeking permission, Self Introduction | | |
| 2 | To improve the ability to write English without mistake | July - March | Daily diary entry, composition, Writing stories. | English Assembly, Radio | MPTA, Subject Council |
| 3 | Nuturing Creativity | June - March | English theatre Transforming English lessons into dialogues, skit, drama, conversation story telling | English Fest, Radio | SRG, PTA |
| 4 | Development of creative writing skill | October-December | English Magazine including children's writings. | English Fest | Subject Council |
| 5 | Reading skills | June - February | Reading corner | Radio, English assembly, PTA | MPTA, Subject Council |
| 6 | To present creative activities | March | Story telling, Poem recitation, Reading books. | English Fest | MPTA, Subject Council |

## പരിസരപഠനം

ലക്ഷ്യങ്ങൾ

- പരിസ്ഥിതി സംരക്ഷണത്തിനായുള്ള ധാർമ്മിക മൂല്യങ്ങളും മനോഭാവങ്ങളും വളർത്തിയെടുക്കൽ
- സുസ്ഥിരമായ രീതികളും സംരക്ഷണ രീതികളെക്കുറിച്ചുള്ള ധാരണ വളർത്തിയെടുക്കൽ
- പരിസ്ഥിതിയെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുക
- നിരീക്ഷണം, പരീക്ഷണം, നിഗമനത്തിൽ എത്തിച്ചേരാൻ എന്നിവ പ്രകൃതി നടത്തത്തിലൊടെയും, ലഘു പരീക്ഷണങ്ങളിലൂടെയും വളർത്തുക

- സസ്യങ്ങൾ, മൃഗങ്ങൾ, വെള്ളം, മണ്ണ് എന്നിവയുടെ പ്രാധാന്യത്തെ കുറിച്ച് അവബോധം നൽകുക
- തരം തിരിക്കാനും, താരതമ്യം ചെയ്യാനുമുള്ള അവസരങ്ങൾ നൽകുക
- പ്രക്രിയ ബന്ധിതമായ കഴിവുകൾ വളർത്തിയെടുക്കുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുക
- മൂല്യങ്ങളും മനോഭാവങ്ങളും വളർത്തിയെടുക്കുക.
- സംരക്ഷണ രീതികളെക്കുറിച്ചും സുസ്ഥിരമായ രീതികളെക്കുറിച്ചും അവബോധവും വളർത്തിയെടുക്കുക
- ഗ്രൂപ്പ് പദ്ധതികളിലും പ്രവർത്തനങ്ങളിലും വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സമൂഹത്തിനോടുള്ള ഉത്തരവാദിത്വബോധം വളർത്തിയെടുക്കുക
- പരിസ്ഥിതി സംരക്ഷണത്തിനുള്ള ധാർമ്മിക ബോധം വളർത്തിയെടുക്കുക

| ക്ലാസ് - 1 | | പരിസരപഠനം | | | |
|---|---|---|---|---|---|
| **ക്രമ നമ്പർ** | **മേഖല** | **സമയം** | **പ്രവർത്തനങ്ങൾ** | **ഭൗതീകം** | **പിന്തുണ** |

| | | | | | |
|---|---|---|---|---|---|
| 1 | നിരീക്ഷണം | ജൂൺ-മാർച്ച് | പക്ഷികൾ, ആഹാരരീതികൾ, മുട്ടകളുടെ പ്രത്യേക, പൂക്കൾ, ചുറ്റുമുള്ള ജീവികൾ, സഞ്ചാര രീതി, വാസസ്ഥലങ്ങൾ, വിവിധതരം ആഹാരപദാർഥങ്ങൾ, ജലസ്രോതസുകൾ, വിവിധ തരം വീടുകൾ വീടുനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ എന്നിവ ചുറ്റുപാടും നിരീക്ഷിച്ച് കണ്ടെത്തുന്നു. പ്രകൃതിനടത്തം - സ്കൂൾ പരിസരത്ത് നടത്തുന്നു. | സ്കൂൾ പരിസരം, വീടും പരിസരവും | അധ്യാപകർ, മാതാപിതാക്കൾ |
| 2 | താരതമ്യം | ജൂൺ-മാർച്ച് | പൂക്കളെ സവിശേഷതകൾക്കനുസരിച്ച് (നിറം, വലുപ്പം, ഇതളുകളുടെ എണ്ണം, മണം)താരതമ്യം ചെയ്യുന്നു. ചുറ്റുമുള്ള ജീവികളെ സഞ്ചാരരീതി, നാട്ടിൽ കാണുന്നവ/അല്ലാത്തവ എന്നിങ്ങതെ താരതമ്യം ചെയ്യുന്നു. വിവിധതരം | വീടിന്റെ പരിസരം | അധ്യാപകർ, മാതാപിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | | ആഹാരസാധനങ്ങൾ താരതമ്യം ചെയ്ത് അവയുടെ രുചി, മണം, നിറം, വലുപ്പം എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് കണ്ടെത്തുന്നു. വിവിധ ജലസ്രോതസ്സുകൾ താരതമ്യം ചെയ്ത് ശുദ്ധജലം അല്ലാത്തവ കണ്ടെത്തി. ജലസ്രോതസ്സുകൾ സംരക്ഷിക്കേണ്ടതിന്റെ പ്രത്യേകതകൾ മനസ്സിലാക്കുന്നു. ചുറ്റുപാടുമുള്ള വീടുകൾ നിരീക്ഷിച്ച് വീടുകളെ തമ്മിൽ താരതമ്യം ചെയ്യുന്നു . | | |
| 3 | വർഗീകരണം | ജൂൺ-മാർച്ച് | പൂക്കളെ വിവിധ മാനദണ്ഡങ്ങൾക്കനുസരിച്ച് (നിറം, വലുപ്പം, മണം) വർഗ്ഗീകരിക്കുന്നു. ചുറ്റുപാടുമുള്ള ജീവികളെ വാസസ്ഥലങ്ങൾക്കനുസരിച്ച് പട്ടികപ്പെടുത്തുന്നു. ആഹാരസാധനങ്ങളെ പാകം ചെയ്ത് കഴിക്കുന്നവ /അല്ലാത്തവ, അവയുടെ അരുചി (മധുരം, പുളി, | ക്ലാസ്സ്മുറി | അധ്യാപകർ, മാതാപിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | | | ഉപ്പ്) എന്നിവയ്ക്കനുസരിച്ച് പട്ടികപ്പെടുത്തുന്നു. വെള്ളത്തിന്റെ ഉപയോഗങ്ങൾ പട്ടികപ്പെടുത്തുന്നു.വിവിധ പഴങ്ങളെ സവിശേഷതകൾക്കനുസരിച്ച് വർഗ്ഗീകരിക്കുന്നു. വീടുകളിലെ വിവിധ മുറികളെ കണ്ടെത്തുന്നു. ഉപയോഗങ്ങൾക്കനുസരിച്ച് പട്ടികപ്പെടുത്തുന്നു | | |
| 4 | പരീക്ഷണം | ജൂൺ-മാർച്ച് | മുട്ടകൾ ഉപയോഗിചുള്ള ലഘു പരീക്ഷണങ്ങളിലൂടെ മുട്ടതോടുകൾക്ക് ഭാരം വഹിക്കാനാകും എന്ന് കണ്ടെത്തുന്നു. പൂക്കൾ വെള്ളത്തിൽ മുങ്ങികിടക്കുന്നവ /പൊങ്ങി കിടക്കുന്നവ പരീക്ഷണത്തിലൂടെ കണ്ടെത്തുന്നു. ജലവുമായി ബന്ധപ്പെട്ട ലഘു പരീക്ഷണങ്ങളിലൂടെ സസ്യജാലങ്ങൾക്ക് വളരുവാൻ ജലം ആവശ്യമാണെന്ന് കണ്ടെത്തുന്നു | ക്ലാസ്സ്മുറി | അധ്യാപകർ, മാതാപിതാക്കൾ |

| ക്ലാസ് - 2 | | പരിസരപഠനം | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | മേഖല | സമയം | പ്രവർത്തനങ്ങൾ | ഭൗതീകം | പിന്തുണ |
| 1 | ജലവുമായി ബന്ധപ്പെട്ട വ്യത്യസ്ത പരീക്ഷണ ങ്ങളിൽ ഏർപ്പെടുന്നു | ജൂൺ - മാർച്ച് | മുന്നൊരുക്കം പ്രീടെസ്റ്റ് വിവിധ നിലവാരക്കാരെ തിരിച്ചറിയൽ. ക്ലാസ് പി.ടി.എ നടത്തി പിന്തുണ ലഭ്യമാക്കൽ ജലവുമായി ബന്ധപ്പെട്ട വ്യത്യസ പരീക്ഷണങ്ങളി ൽ ഏർപ്പെടുകയും നിരീക്ഷിച്ച കാര്യങ്ങൾ രേഖപ്പെടുത്തി വയ്ക്കുകയും ചെയ്യുന്നു | സർഗവേള | എസ്.ആർ.ജി സബ്ജക്ട് കൗൺസിൽ |
| 2 | ചുറ്റുപാടുള്ള വ്യത്യസ്ഥ ജലസ്രോത സ്സുകൾ കണ്ടെത്തി നിരീക്ഷിക്കു ന്നു. | ജൂൺ - മാർച്ച് | ഐ. സി. ടി. സാധ്യതകൾ ഉപയോഗിച്ച് ജലസ്രോതസുകൾ കണ്ടെത്തുകയും അവ പട്ടികപ്പെടുത്തി ചിത്രീകരിക്കുക യും ചെയ്യുന്നു. | സർഗവേള | പരിസ്ഥിതി ക്ലബ് |
| 3 | ജലസ്രോത സുകളെ മലിനപ്പെട്ടു ത്തുന്നത് മനുഷ്യന്റെ തന്നെ | ജൂൺ - മാർച്ച് | ജലസ്രോതസുകൾ മലിനമാകുന്ന വ്യത്യസ്ത സാഹചര്യങ്ങൾ ഐ.സി. ടി.യിലൂടെ | സർഗവേള | പി.ടി.എ, എസ്.ആർ.ജി സബ്ജക്ട് കൗൺസിൽ |

| | | | | | |
|---|---|---|---|---|---|
| | പ്രവൃത്തികളാണെന്ന് തിരിച്ചറിയുന്നു | | തിരിച്ചറിയാനും, ജലസ്രോതസുകളുടെ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. | | |
| 4 | കൃഷിപ്പണിക്ക് ഉപയോഗിക്കാൻ വിവിധ ഉപകരണങ്ങൾ ഉണ്ടെന്നു മനസ്സിലാക്കുന്നു. | ജൂൺ - മാർച്ച് | നേരനുഭവങ്ങളിലൂടെയും ഐ. സി. ടി. സാധ്യതയിലൂടെയും കാർഷിക ഉപകരണങ്ങൾ തിരിച്ചറിയുന്നതിലൂടെ അവയുടെ പ്രയോജനങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുകയും ചിത്രീകരിക്കുകയും ചെയ്യുന്നു. | പഠനോത്സവം | പി.ടി.എ, എസ്.ആർ.ജി സബ്ജക്ട് കൗൺസിൽ |
| 5 | വിവിധതരം കാർഷിക വിളകൾ നിരീക്ഷിക്കുന്നു. | ജൂൺ - മാർച്ച് | ചുറ്റുപാടും നിരീക്ഷിച്ചും അന്വേഷിച്ചും ചിത്രങ്ങൾ, വീഡിയോകൾ, എന്നിവ നിരീക്ഷിച്ചും വിവിധ ജീവികളുടെ ആഹാരമായി വരുന്ന കാർഷിക വിളകൾ പട്ടികപ്പെടുത്തുന്നു. | പഠനോത്സവം | പി.ടി.എ, എസ്.ആർ.ജി സബ്ജക്ട് കൗൺസിൽ |
| 6 | ദേശീയ പ്രാധാന്യമുള്ള ദിനങ്ങളെക്കുറിച്ചുള്ള അറിവ് | ജൂൺ - മാർച്ച് | ഐ. സി. ടി യിലൂടെ ദേശീയ പ്രാധാന്യമുള്ള ദിനങ്ങൾ പട്ടികപ്പെടുത്തുന്നു. പ്രാധാന്യം | പഠനോത്സവം | പി.ടി.എ, എസ്.ആർ.ജി സബ്ജക്ട് കൗൺസിൽ |

| | | | | | |
|---|---|---|---|---|---|
| | നേടുന്നു | | മനസിലാക്കുന്നു. ഇത്തരത്തിലുള്ള ദിനചരണങ്ങൾ ക്ലാസ്റൂം പ്രവർത്തന ത്തിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്നു. | | |
| 7 | ഗാന്ധിജി, നെഹ്റു തുടങ്ങിയ ധാരളം ദേശീയ നേതാക്കൾ നമുക്കുണ്ട് എന്നുള്ള തിരിച്ചറിവ് നേടുന്നു | ജൂൺ - മാർച്ച് | സ്വാതന്ത്ര്യ ദിനാഘോഷവുമായി ബന്ധപ്പെട്ടു ദേശീയ നേതാക്കളെ അനുകരിക്കൽ, അവരുടെ ചിത്രങ്ങൾ ഒട്ടിച്ച് ആൽബം തയ്യാറാക്കൽ | പഠനോത്സവം | പി.ടി.എ, എസ്.ആർ.ജി സബ്ജക്ട് കൗൺസിൽ |
| 8 | ഗാന്ധിജി പാവപ്പെട്ടവരോട് എന്നും അനുകമ്പ പുലർത്തിയിരുന്നു. | ജൂൺ - മാർച്ച് | ഗാന്ധിജിയുടെ ജീവിതത്തിലെ വ്യത്യസ്ത സംഭവങ്ങൾ വായിച്ചറിയുകയും, ക്ലാസ്സ് അസംബ്ലിയിലും സ്കൂൾ റേഡിയോ പ്രോഗ്രാമിൽ അവ തന്റേതായ രീതിയിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. | പഠനോത്സവം | പി.ടി.എ, എസ്.ആർ.ജി സബ്ജക്ട് കൗൺസിൽ |
| 9 | ദേശീയ പതാകയ്ക്ക് നിയതമായ ഘടനയുണ്ട് എന്ന തിരിച്ചറിവ് നേടുന്നു. | ജൂൺ - മാർച്ച് | ദേശീയ പതാക നിരീക്ഷിച്ചു പ്രത്യേകതകൾ തിരിച്ചറിയുകയും അവ രേഖപ്പെടുത്തി വയ്ക്കുകയും ചെയ്യുന്നു. പതാക നിർമ്മിച്ച് ക്ലാസ്സ് പി. ടി. എ യിൽ | പഠനോത്സവം | പി.ടി.എ, എസ്.ആർ.ജി സബ്ജക്ട് കൗൺസിൽ |

| | | | | | |
|---|---|---|---|---|---|
| | | | പ്രദർശിപ്പിക്കുന്നു. | | |
| 10 | മാലിന്യങ്ങൾ ശെരിയായ രീതിയിൽ സംസ്കരിക്കുന്നതിനു അവ തരം തിരിക്കേണ്ടതുണ്ട് എന്നുള്ള അറിവ് | ജൂൺ - മാർച്ച് | മാലിന്യങ്ങൾ തരം തിരിച്ചു സംസ്കരിക്കേണ്ടതിന്റെ ആവശ്യകത ഐ.സി.ടി.യിലൂടെയും വായനയിലൂടെയും മനസിലാക്കിയ ആശയങ്ങൾ വെച്ചുകൊണ്ട് അവ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നു. അതിനനുയോജ്യമായ പോസ്റ്ററുകൾ നിർമിച്ചു അവ വിദ്യാലയത്തിൽ പ്രദർശിപ്പിക്കുന്നു. ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുന്നു | പഠനോത്സവം | പി.ടി.എ, എസ്.ആർ.ജി സബ്ജക്ട് കൗൺസിൽ |
| 11 | വ്യത്യസ്ത തരം ആഹാരങ്ങൾ ഉണ്ടെന്നു മനസിലാക്കുന്നു. ശരിയായ വളർച്ചയ്ക്ക് മായം ചേർക്കാത്ത ആഹാര സാധനങ്ങൾ ആവശ്യമാണെന്നും മനസിലാക്കുന്നു | ജൂൺ - മാർച്ച് | ഐ.സി.ടി.യിലൂടെ വിവിധ തരം ആഹാരങ്ങളും അവയുടെ സവിശേഷതകയും പട്ടികപെടുത്തുന്നു, ആൽബം തയ്യാറാക്കുന്നു. ശരീര വളർച്ചയ്ക്ക് വൈവിധ്യമാർന്ന ആഹാരം അത്യാവശ്യമാണെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുന്നു. | പഠനോത്സവം | പി.ടി.എ, എസ്.ആർ.ജി സബ്ജക്ട് കൗൺസിൽ |

| | | | | | |
|---|---|---|---|---|---|
| | | | ദോഷകരമായ ആഹാര സാധനങ്ങൾ ഒഴിവാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | | |
| 12 | വിവിധതരം വീടുകളെക്കുറിച്ചു മനസിലാക്കുന്നു. വീട് നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ചു മനസിലാക്കുന്നു | ജൂൺ - മാർച്ച് | നിരീക്ഷണത്തിലൂടെയും, ഐ.സി.ടിയിലൂടെയും വിവിധതരം വീടുകളെ കുറിച്ച് മനസിലാക്കുകയും, അവയുടെ നിർമാണത്തിനാവശ്യമായ ഘടകങ്ങൾ പട്ടികപ്പെടുത്തുകയും, വീട് നിർമാണവുമായി വരുന്ന വിവിധ ഘട്ടങ്ങൾ മനസിലാക്കി പട്ടികപ്പെടുത്തുന്നു, ചിത്രം പ്രദർശിപ്പിക്കുകയും ചെയ്യുന്നു. | പഠനോത്സവം | പി.ടി.എ, എസ്.ആർ.ജി സബ്ജക്ട് കൗൺസിൽ |
| 13 | ഗ്രാമത്തിലെയും പട്ടണത്തിലെയും കാഴ്ചകൾ വ്യത്യസ്തമാണെന്ന തിരിച്ചറിവ് നേടുന്നു | ജൂൺ - മാർച്ച് | നിരീക്ഷണത്തിലൂടെയും സ്വാനുഭവങ്ങളിലുലൂടെയും ഗ്രാമത്തിലെയും പട്ടണത്തിലെയും കാഴ്ചകൾ പട്ടികപ്പെടുത്തുന്നു | പഠനോത്സവം | പി.ടി.എ, എസ്.ആർ.ജി സബ്ജക്ട് കൗൺസിൽ |
| 14 | എല്ലാ ജീവജാലങ്ങൾക്കും വാസസ്ഥലമു | ജൂൺ - മാർച്ച് | നിരീക്ഷിച്ചും, ചിത്രങ്ങൾ, വിഡിയോകൾ എന്നിവ കണ്ടും, | പഠനോത്സവം | പി.ടി.എ, എസ്.ആർ.ജി സബ്ജക്ട് കൗൺസിൽ |

| | | | | | |
|---|---|---|---|---|---|
| | ണ്ടെന്നു മനസിലാക്കുന്നു | | ചുറ്റുപാടുമുള്ള ജീവികളുടെ വാസസ്ഥലം പട്ടികപ്പെടുത്തുന്നു. ചിത്രങ്ങൾ ശേഖരിച്ചു അവ നോട്ട്ബുക്കിൽ ഒട്ടിച്ചു വയ്ക്കുകയും ചെയ്യുന്നു | | |

| ക്ലാസ് - 3 | | പരിസരപഠനം | | | |
|---|---|---|---|---|---|
| **ക്രമ നമ്പർ** | **മേഖല** | **സമയം** | **പ്രവർത്തനങ്ങൾ** | **ഭൗതീകം** | **പിന്തുണ** |
| 1 | ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിച്ച് പട്ടികപ്പെടുത്തുകയും വിവിധ ഭാഗങ്ങളുടെ ധർമ്മങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്നു. | ജൂൺ - ജൂലൈ | ചെടികളുടെ തണ്ടിന്റെ സവിശേഷതകൾ നിരീക്ഷിച്ചു അവയെ തരം തിരിക്കുന്നു, ചെടിയുടെ മുഘ്യ ഭാഗങ്ങളെ മനസിലാക്കി അവയുടെ ധർമങ്ങൾ ലഘു പരീക്ഷണത്തിലൂടെ കണ്ടെത്തുന്നു, പ്രകൃതി നടത്തിലൂടെ വിവിധയിനം ചെടികളെ കണ്ടെത്തുന്നു, വിത്ത് മുളപ്പിച്ചു | പഠനോത്സവം, ക്ലാസ്സ്മുറി, ക്ലബ്, സർഗവേള | അധ്യാപകർ, മാതാപിതാക്കൾ, ലൈബ്രറി, എസ്.ആർ.ജി. സയൻസ് ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | | | ചെടി ഉണ്ടാകുന്നത് വരെ നിരീക്ഷണ കുറിക്കപ്പ് തയ്യാറാക്കുന്നു, ലീഫ് ആൽബം തയ്യാറാക്കുന്നു, മരങ്ങളുടെയും പൂവുകളുടെ യും ഗുണങ്ങൾ മനസിലാക്കു ന്നു, പ്രകൃതിയെ സംരക്ഷിക്കേ ണ്ടതിന്റെ ആവശ്യകത മനസിലാക്കു ന്നു. | | |
| 2 | ചുറ്റുപാടുമു ള്ള മൃഗങ്ങളെ നിരീക്ഷിച്ച് ആഹാരരീ തി ആവാസ വ്യവസ്ഥ എന്നിവയുടെ അടിസ്ഥാന ത്തിൽ തരംതിരിക്കു ന്നു. | ജൂലൈ - ഓഗസ്റ്റ് | പലതരം മൃഗങ്ങളെ അവയുടെ പ്രയോജനങ്ങൾ ക്കനുസരിച്ചു തരംതിരിക്കു ന്നു. വന്യമൃഗങ്ങൾ, വളർത്തുമൃഗ ങ്ങൾ എന്നിവ കണ്ടെത്തി പട്ടികപ്പെടുത്തു ന്നു. വിവിധതരം സഞ്ചാര രീതികൾ മനസിലാകുന്നു ന്നു. ചിത്രശലഭത്തി ന്റെ ജീവിതചക്രം നിരീക്ഷിക്കു ന്നു, മനസിലാക്കു | പഠനോത്സ വം, ക്ലാസ്സ്മുറി, ക്ലബ്, സർഗവേള | അധ്യാപകർ, മാതാപിതാക്ക ൾ, ലൈബ്രറി, എസ്.ആർ.ജി. സയൻസ് ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | | | ന്നു. പരിസരത്തുള്ള കൃഷിയിടം സന്ദർശിക്കുന്നു. കലാ വിദ്യാഭ്യാസവുമായി ഇഴകിച്ചേർന്നു കൊണ്ട് ഫിംഗർ പെയിന്റിംഗ്, ആൽഫബെറ്റ് ചിത്രരചന എന്നിവ ചെയ്യിപ്പിക്കുന്നു | | |
| 3 | വെള്ളം മണ്ണ് എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കുന്നു. സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | ഓഗസ്റ്റ് - സെപ്റ്റംബർ | കലക്ക വെള്ളം തെളിഞ്ഞ വെള്ളം ആക്കുന്നതിനുള്ള പരീക്ഷണങ്ങൾ ചെയ്യുന്നു. മഴ മാപിനി ഉണ്ടാക്കുന്നു, വെള്ളത്തിന്റെ ഉപയോഗങ്ങൾ മനസിലാക്കുന്നു. മണ്ണ് കൊണ്ടുള്ള ഉപയോഗങ്ങൾ മനസിലാക്കുന്നു, വെള്ളവും മണ്ണും സംരക്ഷിക്കുന്നതിനുള്ള ആവശ്യകതകൾ മനസിലാക്കുന്നു, പോസ്റ്റർ തയ്യാറാക്കുന്നു, | പഠനോത്സവം, ക്ലാസ്സ്മുറി, ക്ലബ്, സർഗവേള | അധ്യാപകർ, മാതാപിതാക്കൾ, ലൈബ്രറി, എസ്.ആർ.ജി. സയൻസ് ക്ലബ് |
| 4 | വ്യക്തി | ഒക്ടോ | കൈകഴുകൽ | പഠനോത്സ | അധ്യാപകർ, |

| | | | | | |
|---|---|---|---|---|---|
| | ശുചിത്വം പരിസര ശുചിത്വം എന്നിവയുടെ പ്രാധാന്യം മനസ്സിലാക്കുകയും പകർച്ചവ്യാധികൾ തടയുന്നതിനായുള്ള മാർഗങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്നു | ബർ | പ്രക്രിയ ഐ.സി.ടി യിലൂടെയും, പ്രായോഗിക സമീപനത്തിലൂടെയും പഠിക്കുന്നു. വീടും, ക്ലാസ്സ്മുറിയും അതിന്റെ പരിസരങ്ങളും വൃത്തിയാക്കുന്നു , നല്ലതും ചീത്തയുമായ ശീലങ്ങൾ കണ്ടെത്തി മനസിലാക്കുക. | വം, ക്ലാസ്സ്മുറി, ക്ലബ്, സർഗവേള | മാതാപിതാക്കൾ, ലൈബ്രറി, എസ്.ആർ.ജി. സയൻസ് ക്ലബ് |
| 5 | ആരോഗ്യ പരിചരണത്തിൽ സമീകൃതാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു. | നവംബർ | പലതരം ഭക്ഷണതാരങ്ങൾ മനസിലാക്കുന്നു. ഹെൽത്ത് കാർഡ് നിർമ്മിക്കുന്നു. വെജിറ്റൽ സാലഡ് തയ്യാറാക്കുന്നു. | പഠനോത്സവം, ക്ലാസ്സ്മുറി, ക്ലബ്, സർഗവേള | അധ്യാപകർ, മാതാപിതാക്കൾ, ലൈബ്രറി, എസ്.ആർ.ജി. സയൻസ് ക്ലബ് |
| 6 | റോഡ് നിയമങ്ങളെക്കുറിച്ചും പ്രഥമ ശുശ്രൂഷയെ കുറിച്ചും അറിവ് നേടുന്നു. പ്രായോഗിക സന്ദർഭങ്ങളിൽ അവ പ്രയോഗിക്കുന്നു. | ഡിസംബർ - ജനുവരി | ട്രാഫിക് അടയാളങ്ങൾ, ട്രാഫിക് ലൈറ്റ്സ് എന്നിവ കണ്ടെത്തുന്നു. ഗുഡ് ടച്ച്, ബാഡ് ടച്ച് എന്നിവയെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കൽ, ഫസ്റ്റ് എയ്ഡ് നെ കുറിച്ചുള്ള | പഠനോത്സവം, ക്ലാസ്സ്മുറി, ക്ലബ്, സർഗവേള | അധ്യാപകർ, മാതാപിതാക്കൾ, ലൈബ്രറി, എസ്.ആർ.ജി. സയൻസ് ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | | | അവബോധം ഉണ്ടാക്കൽ | | |
| 7 | ഭൂമിയുടെ ചലനങ്ങളെ ക്കുറിച്ചും നാടിൻറെ ഭൗമ ശാസ്ത്രപര മായ സവിശേഷത കളെ കുറിച്ചും മനസ്സിലാക്കു ന്നു. | ജനുവ രി - ഫെബ്രു വരി | ഗ്ലോബ് വരയ്ക്കുന്നു, ഇന്ത്യയുടെയും കേരളയുടെയും മാപ് വരയ്ക്കുന്നു, ലഘു പരീക്ഷണത്തി ലൂടെ പകലും രാത്രിയും എങ്ങനെ ഉണ്ടാകുന്നു എന്ന് മനസിലാക്കു ന്നു, കേരളത്തിന്റെ ഭൂപ്രകൃതി വർഗീകരണ വും അതുമായി ബന്ധപ്പെട്ട തൊഴിലുകളും മനസിലാക്കു ന്നു. | പഠനോത്സ വം, ക്ലാസ്സ്മുറി, ക്ലബ്, സർഗവേള | അധ്യാപകർ, മാതാപിതാക്ക ൾ, ലൈബ്രറി, എസ്.ആർ.ജി. സയൻസ് ക്ലബ് |
| 8 | വ്യത്യസ്തതരം വീടുകളെ കുറിച്ചും തൊഴിൽ മേഖലകളെ കുറിച്ചും അറിവ് നേടുന്നു. | മാർച്ച് | പലതരം ജീവികളുടെ വാസസ്ഥലം നിരീക്ഷിച്ചു സാമ്യവ്യത്യാസ ങ്ങൾ കണ്ടെത്തുന്നു. വിവിധ തരം ജോലികളുടെ റോൾപ്ലേയ്. പൊതു സ്ഥാപനങ്ങളെ ക്കുറിച്ചും സ്വകാര്യ സ്ഥാപനങ്ങളെ | പഠനോത്സ വം, ക്ലാസ്സ്മുറി, ക്ലബ്, സർഗവേള | അധ്യാപകർ, മാതാപിതാക്ക ൾ, ലൈബ്രറി, എസ്.ആർ.ജി. സയൻസ് ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | | | ക്കുറിച്ചും പഠിക്കുന്നു | | |

| ക്ലാസ് - 4 | | പരിസരപഠനം | | | |
|---|---|---|---|---|---|
| **ക്രമ നമ്പർ** | **മേഖല** | **സമയം** | **പ്രവർത്തനങ്ങൾ** | **ഭൗതീകം** | **പിന്തുണ** |
| 1 | നീരീക്ഷണം | ആവശ്യാനുസരണം | പ്രകൃതി നടത്തം, കുറിപ്പ് തയ്യാറാക്കൽ | ക്ലാസ്സ്മുറി അസംബ്ലി ക്ലബ് പ്രവർത്തനങ്ങൾ | ക്ലാസ് പി.ടി.എ എസ്.ആർ.ജി അദ്ധ്യാപിക |
| 2 | ശാസ്ത്രപഠനം ലളിതവും രസകരമാക്കലും | ജൂലൈ - ഒക്ടോബർ | പഠന സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങളിൽ ഏർപ്പെടൽ | ക്ലാസ്സ്മുറി അസംബ്ലി ക്ലബ് പ്രവർത്തനങ്ങൾ | ക്ലാസ് പി.ടി.എ എസ്.ആർ.ജി അദ്ധ്യാപിക |
| 3 | ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ, അന്വേഷണത്വര വളർത്തൽ | ഡിസംബർ - ജനുവരി | സയൻസ്പാർക് സന്ദർശനം, ഫോൾക്‌ലോർ അക്കാദമി സന്ദർശിക്കുക | ക്ലാസ്സ്മുറി അസംബ്ലി ക്ലബ് പ്രവർത്തനങ്ങൾ | ക്ലാസ് പി.ടി.എ എസ്.ആർ.ജി അദ്ധ്യാപിക |
| 4 | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ഒക്ടോബർ - ജനുവരി | ഭൂപട വായന, സൂചിക നിർമാണം, ചുമർ പത്രിക, ആൽബം, പഠനോപകരണ നിർമ്മാണം | ക്ലാസ്സ്മുറി അസംബ്ലി ക്ലബ് പ്രവർത്തനങ്ങൾ | ക്ലാസ് പി.ടി.എ എസ്.ആർ.ജി അദ്ധ്യാപിക |

## ഗണിതം

ലക്ഷ്യങ്ങൾ

- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. നിർമ്മിക്കുന്നു.
- പാറ്റേണുകൾ രൂപീകരിക്കുന്നു.
- സൗന്ദര്യാസ്വാദനം .
- മൂന്നക്ക സംഖ്യകൾ അക്ഷരത്തിലും അക്കത്തിലും എഴുതുന്നു.
- സംഖ്യാ പാറ്റേണുകൾ, നാണയങ്ങളും കറൻസികളും ഉപയോഗിക്കുന്നു. സംഖ്യാവ്യാഖ്യാനം.
- നിത്യജീവിതത്തിലെ 3 അക്ക സംഖ്യകളുടെ ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്ങ്ങൾ വിശകലനം ചെയ്യുന്നു. അപഗ്രഥിച്ച് നിർദ്ധാരണം ചെയ്യുന്നു.
- നീളവുമായി ബന്ധപ്പെട്ട ഏകകങ്ങൾ, ആശയങ്ങൾ എന്നിവ കൃത്യതയോടെ കൈകാര്യം ചെയ്യുന്നു
- ഗുണന ക്രിയകൾ ഉൾക്കൊള്ളുന്ന പ്രശ്നങ്ങൾ വിശകലനം പ്രായോഗിക ചെയ്യുന്നു . നിർദ്ധാരണം ചെയ്യുന്നു. ഗുണന വസ്തുതകൾ രൂപീകരിക്കുന്നു.
- 3,4,6 എന്നിവയുടെ ഗുണന വസ്തുതകൾ കണ്ടെത്തുന്നു.

| **ക്ലാസ് - 1** | | **ഗണിതം** | | | |
|---|---|---|---|---|---|
| **ക്രമ നമ്പർ** | **മേഖല** | **സമയം** | **പ്രവർത്തനങ്ങൾ** | **ഭൗതീകം** | **പിന്തുണ** |
| 1 | പ്രാഗണിതാശയങ്ങൾ | ജൂൺ - മാർച്ച് | മൂർത്തവസ്തുക്കൾ ഉപയോഗിച്ച് പ്രാഗണിതാശയങ്ങൾ ഉറപ്പിക്കുന്നു. | ക്ലാസ്സ്മുറി അസംബ്ലി ക്ലബ് പ്രവർത്തനങ്ങൾ | ക്ലാസ് പി.ടി.എ എസ്.ആർ.ജി അദ്ധ്യാപിക |
| 2 | സംഖ്യാ ബോധം | ജൂൺ - മാർച്ച് | മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ തിരിച്ചറിയൽ. ചിത്രം നോക്കി സംഖ്യകൾ എഴുതൽ. മഞ്ചാടി സഞ്ചി ഉപയോഗിച്ച് എണ്ണുന്നു. സംഖ്യാഗാനങ്ങൾ പാടുന്നു. | ക്ലാസ്സ്മുറി അസംബ്ലി ക്ലബ് പ്രവർത്തനങ്ങൾ | ക്ലാസ് പി.ടി.എ എസ്.ആർ.ജി അദ്ധ്യാപിക |

| | | | | | |
|---|---|---|---|---|---|
| 3 | സങ്കലനം | ജൂൺ - മാർച്ച് | മൂർത്തവസ്തുക്കൾ ഉപയോഗിച്ച് സങ്കലന ക്രിയകൾ ചെയ്യുന്നു. ഒരക്ക സംഖ്യകൾ തമ്മിലുള്ള സങ്കലനം | ക്ലാസ്സ്മുറി അസംബ്ലി ക്ലബ് പ്രവർത്തനങ്ങൾ | ക്ലാസ് പി.ടി.എ എസ്.ആർ.ജി അദ്ധ്യാപിക |
| 4 | സംഖ്യാ വ്യാഖ്യാനം | ജൂൺ - മാർച്ച് | മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകളെ വ്യത്യസ്ത രീതിയിൽ ക്രമീകരിക്കുന്നു. സ്വതന്ത്രമായി സംഖ്യാ - വ്യാഖ്യാനം നടത്തുന്നു. | ക്ലാസ്സ്മുറി അസംബ്ലി ക്ലബ് പ്രവർത്തനങ്ങൾ | ക്ലാസ് പി.ടി.എ എസ്.ആർ.ജി അദ്ധ്യാപിക |

| **ക്ലാസ് - 2** | | **ഗണിതം** | | | |
|---|---|---|---|---|---|
| **ക്രമ നമ്പർ** | **മേഖല** | **സമയം** | **പ്രവർത്തനങ്ങൾ** | **ഭൗതീകം** | **പിന്തുണ** |
| 1 | സംഖ്യാ ബോധവും , ക്രിയാശേഷിയും, നേടിയെടുക്കുന്നതിന്. ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു | ജൂൺ - മാർച്ച് | മുന്നൊരുക്കം, പ്രീ ടെസ്റ്റ്, നിശ്ചിത സംഖ്യ മുതൽ എണ്ണുന്നു, ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ പറയുന്നു, പാടുന്നു, എഴുതുന്നു. | ക്ലാസ്സ്മുറി ക്ലബ് പ്രവർത്തനങ്ങൾ | ക്ലാസ് ടീച്ചർ എസ്.ആർ.ജി |

| | | | | | |
|---|---|---|---|---|---|
| 2 | പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങളും എല്ലാ കുട്ടികൾക്കും അർഹരാക്കുക | ജൂൺ - മാർച്ച് | പാഠപുസ്തകത്തിൽ നിന്നും കുട്ടി ആർജിക്കേണ്ട പഠനനേട്ടങ്ങൾ ലിസ്റ്റ് ചെയ്യുന്നു. വർക്ക്ഷീറ്റ്, സംഖ്യ പാറ്റേണുകൾ, ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും കുറയ്ക്കുമ്പോൾ തൊട്ടു മുമ്പുള്ള സംഖ്യ ഏതെന്നു തിരിച്ചറിയുന്നു. | ക്ലാസ്സ്മുറി ക്ലബ് പ്രവർത്തനങ്ങൾ | ക്ലാസ് ടീച്ചർ എസ്.ആർ.ജി |
| 3 | അടിസ്ഥാനഗണിതാശയങ്ങൾ എല്ലാ കുട്ടികളിലേക്കും എത്തിക്കുക | ജൂൺ - മാർച്ച് | ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ. ഐ.സി.ടി ഉപയോഗിക്കുന്നു. | ക്ലാസ്സ്മുറി ക്ലബ് പ്രവർത്തനങ്ങൾ | ക്ലാസ് ടീച്ചർ എസ്.ആർ.ജി |
| 4 | 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനികാനും, സങ്കലനം, വ്യവകലനം, പ്രശ്നപഗ്രഥനം, എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ | ജൂൺ - മാർച്ച് | ഗണിതകേളികൾ, ഗണിതപ്പാട്ടുകൾ, സ്ഥാനവില പോക്കറ്റ് നിർമ്മാണം, കൂട്ടങ്ങൾ ആക്കൽ, സംഖ്യകളെ ഗ്രൂപ്പ് ചെയ്യുന്നു | ക്ലാസ്സ്മുറി ക്ലബ് പ്രവർത്തനങ്ങൾ | ക്ലാസ് ടീച്ചർ എസ്.ആർ.ജി |

| | | | | | |
|---|---|---|---|---|---|
| 5 | നോട്ടുകളും, നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്തു സംഖ്യ രൂപീകരിക്കൽ | ജൂൺ - മാർച്ച് | കളി നോട്ട് നിർമ്മാണം, ക്ലാസ്സിലൊരു കട | ക്ലാസ്സ്മുറി ക്ലബ് പ്രവർത്തനങ്ങൾ | ക്ലാസ് ടീച്ചർ എസ്.ആർ. ജി |
| 6 | ഓരോ ക്ലാസ്സിലും നേടേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുണ്ടെന്നു ഉറപ്പാക്കുക. ആവശ്യമായ കൈത്താങ്ങ് നൽകുക | ജൂൺ - മാർച്ച് | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാരബോധനം ഉറപ്പാക്കുന്നു. ടി.എ , സി.എ പ്രദർശനം, വ്യക്തിഗത മാസ്റ്റർപ്ലാൻ | ക്ലാസ്സ്മുറി ക്ലബ് പ്രവർത്തനങ്ങൾ | ക്ലാസ് ടീച്ചർ എസ്.ആർ. ജി |
| 7 | വളരുന്ന ഗണിത ചിന്തകൾ | ജൂൺ - മാർച്ച് | കുട്ടികളിലെ ഗണിതശേഷി അളക്കുന്നു. ക്വിസ് , നിർമ്മാണം, രൂപ വിനിമയം, നമ്പർ ചാർട്ട് | ക്ലാസ്സ്മുറി ക്ലബ് പ്രവർത്തനങ്ങൾ | ക്ലാസ് ടീച്ചർ എസ്.ആർ. ജി |
| 8 | അടിസ്ഥന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു | ജൂൺ - മാർച്ച് | സംഖ്യകളുടെ തുക കാണുക, വ്യവകലനം എന്നി ക്രിയകൾക്കായി വ്യത്യസ്ത രീതികൾ പ്രയോഗിക്കുന്നു, വില വിവര പട്ടിക, വിവരങ്ങൾ ക്രോഡീകരിക്കൽ | ക്ലാസ്സ്മുറി ക്ലബ് പ്രവർത്തനങ്ങൾ | ക്ലാസ് ടീച്ചർ എസ്.ആർ. ജി |

| | | | | | |
|---|---|---|---|---|---|
| | | | പ്രായോഗിക പ്രശ്നങ്ങൾ, ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവർക്കായി പ്രത്യേക പഠന പദ്ധതി | | |
| 9 | കലണ്ടർ തിരിച്ചറിയുന്നു. പതിപ്പ് തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | കലണ്ടർ പതിപ്പ്, ചുവന്ന അക്കങ്ങളും, കറുത്ത അക്കങ്ങളും തിരിച്ചറിയുന്നു, മാസങ്ങൾ, ദിവസങ്ങൾ പഠിക്കുന്നു | ക്ലാസ്സ്മുറി ക്ലബ് പ്രവർത്തനങ്ങൾ | ക്ലാസ് ടീച്ചർ എസ്.ആർ.ജി |

| **ക്ലാസ് - 3** | | **ഗണിതം** | | | |
|---|---|---|---|---|---|
| **ക്രമ നമ്പർ** | **മേഖല** | **സമയം** | **പ്രവർത്തനങ്ങൾ** | **ഭൗതീകം** | **പിന്തുണ** |
| 1 | ജ്യാമിതി | ജൂൺ | ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു. എണ്ണി എഴുതുന്നു വരയ്ക്കുന്നു. വെട്ടിയെടുത്ത് ഉചിതമായ രീതിയിൽ നിർദേശമനുസരിച്ച് ഒട്ടിക്കുന്നു. പാറ്റേണുകൾ പൂർത്തിയാക്കുന്നു | വിവിധ ജ്യാമിതീയ രൂപങ്ങൾ, വെജിറ്റബിൾ പ്രിന്റിംഗിനു ആവശ്യമായ പെയിന്റ്, തുണി, പേപ്പർ | പി.ടി.എ എസ്.ആർ.ജി |

| | | | | | |
|---|---|---|---|---|---|
| | | | നിർമ്മിക്കുന്നു. യുക്തി കണ്ടെത്തുന്നു. വെജിറ്റബിൾ പ്രിന്റിങ് | ഐ സി ടി | |
| 2 | മൂന്നക്ക സംഖ്യാകളുടെ വ്യാഖ്യാനം, അക്ഷരത്തിലും അക്കത്തിലും എഴുതൽ സംഖ്യബോധം | ജൂലൈ | സംഖ്യകളെ വ്യാഖ്യാനിക്കുന്നു. അക്ഷരത്തിലും അക്കത്തിലും എഴുതുന്നു. സംഖ്യാപാറ്റേണുകൾചെക്ക് പൂർത്തിയാക്കാം.. ആരോഹണ അവരോഹണ ക്രമത്തിലെഴുതുന്നു. കളിനോട്ടുകളുടെ സഹായത്താൽ നാണയ-ങ്ങളും കറൻസികളും വ്യാഖ്യാനിക്കുന്നു. സംഖ്യാ റിബൺ സ്ഥാന വിലാ പോക്കറ്റിൽ ക്രമികരിക്കാം. | സംഖ്യ സ്ട്രിപ്പ് സംഖ്യ മാല ചെക്കുകൾ സ്ഥാനവില പോക്കറ്റ് കളിനോട്ടുകൾ ഐ സി ടി | പി.ടി.എ<br><br>എസ്.ആർ.ജി |
| 3 | അളവുകൾ നീളം | ജൂലൈ-ഓഗസ്റ്റ് | നീളം അളക്കാം. സ്കെയിൽ പരിചയപ്പെടാം ക്ലാസ് മുറിയുടെ നീളം ഉയരമെത്ര? തീവണ്ടിക്കളി, സാരിയുടെ നീളം നീളം ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. 100 cm വരെയുള്ള വസ്തുക്കൾ അളക്കൽ. | സ്കെയിൽ 15cm & 30cm മീറ്റർ സ്കെയിൽ ഈർക്കിൽ റിബ്ബൺ പേപ്പർ സ്ട്രിപ്പ് | പി.ടി.എ<br><br>എസ്.ആർ.ജി |

| | | | | | |
|---|---|---|---|---|---|
| 4 | ഗുണനം (ചതുഷ് ക്രിയകൾ) | സെപ്റ്റം ബർ- ഒക്ടോ ബർ | ഗുണന വസ്തുക്കൾ രൂപീകരിക്കൽ പട്ടിക പൂർത്തിയാക്കൽ ഗുണന വസ്തുതകൾ ഉൾപ്പെടുന്ന കളികൾ കാർഡുകളി, കാർഡെടുക്കാം പോയിന്റ് നേടാം: പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു. നിർദ്ധാരണം ചെയ്യുന്നു. ഗുണന വസ്തുതകളില പാറ്റേൺ കണ്ടെത്തുന്നു | ഗുണന വസ്തുക്കൾ എഴുതിയ ചാർട്ടുകൾ കളംബോർ ഡ് ഗുണന കാർഡ് ചിത്ര കാർഡുക ൾ ഐസിടി | പി.ടി.എ<br><br>എസ്.ആർ. ജി |
| 5 | വാച്ച്, ക്ലോക്ക് ഇവ നോക്കി സമയം പറയൽ സമയം ക്രമീകരിക്ക ൽ കലണ്ടർ നോക്കി ദിവസം, തിയതി, മാസം ഇവ കണ്ടെത്തൽ | ഒക്ടോ ബർ- നവംബ ർ | ക്ലോക്ക് നിർമ്മാണം ക്ലോക്കിലെ സംഖ്യകൾ കലണ്ടർ നിർമ്മാണം. ജന്മദിന ചാർട്ട് നിർമ്മാണം. | ക്ലോക്ക് കലണ്ടർ ചാർട്ട്<br><br>(ജന്മദിനം) | എം പി ടി എ<br><br>എസ് ആർ ജി |
| 6 | ഗുണനം (7,8,9,10) എന്നിവയുടെ ഗുണന വസ്തുതകൾ രൂപീകരിക്ക | നവംബ ർ ഡിസം ബർ ജനുവ രി | ഗുണന വസ്തുതകൾ രൂപീകരിക്കൽ, പട്ടിക പൂർത്തിയാക്കൽ, ഗുണന | ഗുണന വസ്തുതക ൾ എഴുതിയ കാർഡ്, ഗുണന കാർഡ്, | പി.ടി.എ<br><br>എസ്.ആർ. ജി |

| | | | | | |
|---|---|---|---|---|---|
| | ൽ | | വസ്തുതകൾ ഉൾകൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ, കളികൾ | ഐ സി ടി ജി കോംപ്രിസ് ഗെയിംസ് | |
| 7 | ഹരണം നാണയങ്ങളും കറൻസികളും | ജനുവരി ഫെബ്രുവരി | ആവർത്തന സങ്കലന ചാർട്ടുകൾ, തുല്യമായി പങ്കുവയ്ക്കൽ നടത്തുന്ന തരം കളികൾ, പ്രായോഗിക പ്രശനങ്ങൾ. | ജി കോംപ്രിസ് ഗെയിംസ് ഗുണന വസ്തുത ചാർട്ടുകൾ കളിനോട്ടുകൾ | പി.ടി.എ<br><br>എസ്.ആർ.ജി |
| 8 | അളവുകൾ ഉള്ളളവ് ഭാരം | ഫെബ്രുവരി | ഉള്ളളവ്, ഭാരം, ഇവയുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശന നിർദ്ധാരണം, കൃത്യതയോടെ അളക്കൽ, അളന്ന് കണ്ടെത്തൽ അളന്ന് പറയൽ, ഗ്രാം, കിലോഗ്രാം, ലിറ്റർ, മില്ലിലിറ്റർ. | അളവ് പാത്രങ്ങൾ<br><br>വെയിങ് മെഷീൻ | പി.ടി.എ<br><br>എസ്.ആർ.ജി |
| 9 | വിവരശേഖരണം | ഫെബ്രുവരി മാർച്ച് | ചിത്ര രൂപത്തിലുള്ള വിവരങ്ങൾ പട്ടികപ്പെടുത്തൽ, പട്ടിക അപഗ്രഥിച്ച് നിഗമനത്തിൽ എത്തിച്ചേരൽ | ചാർട്ടുകൾ പട്ടികകൾ | പി.ടി.എ<br><br>എസ്.ആർ.ജി |

| **ക്ലാസ് - 4** | | **ഗണിതം** | | | |
|---|---|---|---|---|---|
| **ക്രമ നമ്പർ** | **മേഖല** | **സമയം** | **പ്രവർത്തനങ്ങൾ** | **ഭൗതീകം** | **പിന്തുണ** |

| | | | | | |
|---|---|---|---|---|---|
| 1 | ഗണിത പഠനം രസകരമാക്കൽ<br><br>ചതുഷ് ക്രിയകൾ ലളിതമാക്കൽ | വർഷം മുഴുവൻ | വിവിധ തരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി) സങ്കലനം - വ്യവകലനം കച്ചവടകളി | സി പി ടി എ | എസ് ആർ ജി<br><br>ഗണിത അദ്ധ്യാപിക |
| 2 | ഗണിതചുമർ ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | ഗണിതചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | അസംബ്ലി | ഗണിത അദ്ധ്യാപിക |
| 3 | ഗണിത പഠനോപകരണ ശില്പശാല പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | ആവശ്യാനുസരണം | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമാണം - പ്രദർശനം | റേഡിയോ | പി ടി എ<br><br>ഗണിത അദ്ധ്യാപിക |
| 4 | ഗണിത ലാബ് ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | വർഷം മുഴുവൻ | ഗണിത ലാബ് ഒരുക്കൽ - പഠനത്തിന് പ്രയോജനപ്പെടുത്തൽ | സി പി ടി എ | ഹെച് എം എസ് ആർ ജി ഗണിത അദ്ധ്യാപിക |
| 5 | ഒറിഗാമി ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ | ഉചിതമായ സമയത്തു | ഒറിഗാമി രൂപങ്ങളുടെ നിർമാണം പ്രദർശനം | സി പി ടി എ | ഗണിത അദ്ധ്യാപിക |

| | | | | | |
|---|---|---|---|---|---|
| 6 | ഗണിതമേള ഗണിതശേഷികളുടെ പ്രകടനം | വർഷത്തിൽ ഒരിക്കൽ | പ്രശ്നോത്തരി പസ്സിൽ പാറ്റേൺ പഠന ഉത്പന്നങ്ങളുടെ പ്രദർശനം | പഠനോത്സവം | എസ് ആർ ജി<br><br>ഗണിത അദ്ധ്യാപിക |

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി വിഭാവനം ചെയ്യുന്ന ഗുണമേന്മ വിദ്യാഭ്യാസം വിദ്യാലയത്തിലെ ഓരോ കുട്ടികൾക്കും ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാസ്റ്റർപ്ലാൻ രൂപകല്പന ചെയ്തിരിക്കുന്നത്. ഓരോ കുട്ടിയെയും ഒരു യൂണിറ്റ് എന്ന നിലയിൽ കണ്ടുകൊണ്ടു പഠനനേട്ടങ്ങൾ ആർജിക്കുന്നതിനു ആവശ്യമായ പിന്തുണ എസ്. ആർ. ജി, പി. ടി. എ, വിവിധ പിന്തുണ സംവിധാനങ്ങൾ എന്നിവയെ കൂടി കണ്ണി ചേർത്തുകൊണ്ടാണ് തയ്യാറാക്കിയിരിക്കുന്നത്. പ്രാദേശിക സവിശേഷതകൾ കൂടി ഉൾപ്പെടുത്തി അറിവുനിർമാണത്തിലേക്ക് കുട്ടികളെ നയിക്കുന്ന അനുഭവധിഷ്ഠിതമായ പഠനമാണ് ഈ മാസ്റ്റർപ്ലാൻ ലക്ഷ്യം വയ്ക്കുന്നത്.

സാമൂഹികപരമായ ദുഷ്പ്രവണതകളെ പ്രതിരോധിക്കുന്നതിനായും സന്തോഷകരമായ ജീവിതന്തരീക്ഷത്തേക്കുറിച്ച് ധാരണ വികസിപ്പിക്കുന്നതിനു ഉതകുന്ന പ്രവർത്തനങ്ങളും ഈ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.